
# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-2026




എൻ.എസ്.എസ്.
ഹൈസ്കൂൾ, ഇടനാട്
ചെങ്ങന്നൂർ

# ഉള്ളടക്കം


1. ആമുഖം
പൊതുലക്ഷ്യങ്ങൾ
2. വിദ്യാലയ ചരിത്രം
3. സ്കൂൾ മികവിന്റെ കാഴ്ചപ്പാട്
4. നിലവിലെ അവസ്ഥാ വിശകലനം.
5. പ്രശ്നങ്ങൾ വെല്ലുവിളികൾ
6. പദ്ധതി രൂപീകരണ പ്രക്രിയ
7. വിഷയ മേഖല - പ്രവർത്തനങ്ങൾ
8. പ്രതീക്ഷിത നേട്ടങ്ങൾ
9. ഉപസംഹാരം.

# അധ്യായം - 1

## ആമുഖം

ചെങ്ങന്നൂർ നഗരസഭയുടെ ഭാഗമാണെങ്കിലും ഗ്രാമീണഭംഗി നിറഞ്ഞുനിൽക്കുന്ന ഇടനാട് എന്ന സ്ഥലത്താണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. നാലുവശവും പമ്പാനദി അതിരിട്ടൊഴുകുന്ന ഒരു ദ്വീപാണ് ഇടനാട്. പടയണി പാട്ടിന്റെ ശീലുകളും വഞ്ചിപ്പാട്ടിന്റെ ആരവങ്ങളും നെഞ്ചിലേറ്റിയ പ്രദേശമാണിത്. മുൻകാലത്ത് പമ്പാനദിയുടെ കുറുകെ തൂങ്ങി നിന്നിരുന്ന തൂക്കുപാലവും കടത്ത് വള്ളങ്ങളുമായിരുന്നു ഇവിടേക്കുള്ള യാത്രാമാർഗം. ഇന്ന് പുത്തൻകാവിൽ നിന്നും ഓതറ നിന്നും ഇടനാട്ടിലേക്കു കടക്കുവാൻ കോൺക്രീറ്റ് പാലങ്ങളായി. കാർഷിക വിളകളാൽ സമൃദ്ധമാണ് ഈ പ്രദേശം. ഈ നാടിനു ചുറ്റും ഒഴുകുന്ന പമ്പാനദി സ്വച്ഛശീതളമായ അന്തരീക്ഷത്താൽ ഗ്രാമത്തെ ഹരിതാഭമാക്കുന്നു. ഹിന്ദു-ക്രിസ്ത്യൻ ആരാധനാലയങ്ങളും ഈ ദേശവാസികളുടെ പരസ്പര സഹകരണവും മതസൗഹാർദ്ദം വിളിച്ചോതുന്നു.

നവകേരളമിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ ഭാഗമായി ദീർഘകാല കാഴ്ചപ്പാടോടു കൂടിയ സമഗ്രഗുണമേന്മാ വിദ്യാലയ വികസന പദ്ധതി രൂപീകരിച്ചു. പഠന വിഷയങ്ങ-

ളില്‍ ആശയ ദൃഢത ഉണ്ടാകണം, കണക്ക്, സയന്‍സ്, ഐ.ടി. വിഷയങ്ങളില്‍ ധാരണയും കഴിവും നേടണം, പരിസ്ഥിതിജ്ഞാനം തുടങ്ങിയവ കൈവരിക്കണം, ഓരോ കുട്ടിയും ചുരുങ്ങിയത് മൂന്ന് ഭാഷകളിലെങ്കിലും ജ്ഞാനവും ആശയവിനിമയ ശേഷിയും നേടണം, ആരോഗ്യപരമായ അവസ്ഥ സൃഷ്ടിക്കണം എന്നീ ലക്ഷ്യങ്ങളോടെയുള്ള വിശദമായ മാസ്റ്റര്‍പ്ലാന്‍ ആണ് തയ്യാറാക്കിയിട്ടുള്ളത്. അധ്യാപകര്‍, പ്രതിനിധികള്‍, വിദ്യാഭ്യാസ തല്‍പരരായ വ്യക്തികള്‍ എന്നിവരുടെയെല്ലാം നിര്‍ദ്ദേശങ്ങള്‍ പരിഗണിച്ചാണ് വികസനരൂപരേഖ തയ്യാറാക്കിയത്.

# പൊതുലക്ഷ്യങ്ങൾ

1. അനാദായകരമായ അവസ്ഥയിൽ നിന്ന് ആദായകരമായ അവസ്ഥയിലെത്തിക്കുക.
2. ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകി മൂല്യബോധമുള്ള പുതുതലമുറയെ വാർത്തെടുക്കുക.
3. വിദ്യാലയത്തിലേക്ക് കുട്ടികളെ ആകർഷിക്കുക.
4. വൈജ്ഞാനികവും വൈകാരികവുമായ മേഖലയുടെ വികാസം.
5. സർഗ്ഗാത്മകത, കായിക ക്ഷമത, പ്രവൃത്തിപരിചയം ഇവയുടെ സമഗ്രവികസനം.
6. പെൺകുട്ടികളുടെ ശാരീരികവും മാനസികവുമായ സുരക്ഷിതത്വം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ.
7. സ്കൂൾ പരിസരം ആകർഷകവും ആഹ്ലാദകരവുമാക്കിത്തീർക്കുവാനുള്ള ശ്രമങ്ങൾ.
8. രക്ഷിതാക്കളുടെ താല്പര്യത്തിനനുസൃതമായി കുട്ടികളുടെ കഴിവും കഴിവുകേടും മനസ്സിലാക്കി വേണ്ട സഹായം നൽകൽ.
9. ഭിന്നശേഷിയുള്ള കുട്ടികളെ അവരുടെ കഴിവുകൾ തിരിച്ചറിഞ്ഞ് മുഖ്യധാരയിലെത്തിക്കാനുള്ള പ്രയത്നം.
10. കാലാനുസൃതമായി അധ്യാപകർക്ക് തൊഴിൽപരമായി നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനം.

## അധ്യായം - 2

## വിദ്യാലയ ചരിത്രം

1936-ൽ അപ്പർ പ്രൈമറി വിദ്യാലയമായാണ് ഈ വിദ്യാലയത്തിന്റെ തുടക്കം. ഇടനാട് എൻ. എസ്. എസ്. കരയോഗത്തിന്റെ അധീനതയിൽ പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയം ക്രമേണ നായർ സർവ്വീസ് സൊസൈറ്റി ഏറ്റെടുക്കുകയാണുണ്ടായത്. 1954 കാലഘട്ടമായപ്പോഴേക്കും ഇത് ഹൈസ്കൂളായി ഉയർത്തി. വേണ്ടത്ര യാത്രാസൗകര്യമില്ലാതിരുന്ന കാലഘട്ടത്തിൽ സമീപകരകളായ മംഗലം, ഓതറ, കോയിപ്രം, നീർവിളാകം എന്നീ സ്ഥലങ്ങളിലെ വിദ്യാർത്ഥികളുടെ ആശ്രയ കേന്ദ്രമായിരുന്നു ഈ വിദ്യാലയം. ഏകദേശം 6 കി.മീ. ചുറ്റളവിലുള്ള സ്ഥലങ്ങളിൽ നിന്നുമുള്ള കുട്ടികൾ ഇവിടെയാണ് പഠിച്ചിരുന്നത്. സമൂഹത്തിന്റെ വിവിധ രംഗങ്ങളിൽ സാന്നിധ്യമറിയിച്ച നിരവധി പേർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ് എന്നത് ശ്രദ്ധേയമാണ്. ആയിരത്തിൽ പരം വിദ്യാർത്ഥികൾ വിദ്യ അഭ്യസിച്ചിരുന്ന ഈ വിദ്യാലയം നിരവധി കാരണത്താൽ ഇന്ന് പ്രതിസന്ധിയെ നേരിടുന്നു. 2018-ലെ വെള്ളപ്പൊക്കം മൂലം ഉണ്ടായ ലാബുകളുടെയും, ലൈബ്രറിയുടെയും പ്രവർത്തന പോരായ്മകൾ പരിഹരിച്ചുവരികയാണ്. കുട്ടികൾക്ക് സ്കൂളിലെത്തിച്ചേരാനായി യാത്രാസൗകര്യവും ക്രമീകരിച്ചിട്ടുണ്ട്. 2019-20ൽ ഇംഗ്ലീഷ് മീഡിയം ആരംഭിക്കുകയും, അതിലെ ആദ്യത്തെ എസ്. എസ്. എൽ. സി. ബാച്ചിന്റെ ക്ലാസ്സുകൾ പുരോഗമിച്ചുവരികയാണ്.

തുടർച്ചയായ വർഷങ്ങളിൽ 100% വിജയം എസ്. എസ്. എൽ. സി. ക്ക് കൈവരിക്കാനായത് എടുത്തുപറയത്തക്ക ഒരു നേട്ടമാണ്. കലാകായിക ശാസ്ത്രമേളകളിൽ വിദ്യാർത്ഥികൾ സംസ്ഥാനതലം വരെ മത്സരിച്ച് ശ്രദ്ധേയമായ ഗ്രേഡുകൾ നേടിയിട്ടുണ്ട്. കൃഷിഭവന്റെ സഹായത്തോടെ ജൈവപച്ചക്കറിത്തോട്ടം പുനരാരംഭിച്ചിരിക്കുന്നു.

റിട്ട. പ്രൊഫ. ശങ്കരനാരായണ പിള്ള, റിട്ട. പ്രൊഫ. വി. ആർ. രാധാകൃഷ്ണപിള്ള, ഡോ. ബെഞ്ചമിൻ (റിട്ട. DMO കോട്ടയം), DYSP ശ്രീ. സാബു, റിട്ട. DYSP ശ്രീമതി ഉഷാകുമാരി തുടങ്ങി രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി പേർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ്. കേരളത്തിനകത്തും പുറത്തും വിദേശത്തും ശ്രദ്ധേയമായവരിൽ ഇവിടുത്തെ പൂർവ്വവിദ്യാർത്ഥികളും ഉൾപ്പെട്ടിട്ടുണ്ട് എന്നത് അഭിമാനാർഹമാണ്.

## അധ്യായം - 3

## സ്കൂൾ മികവിന്റെ കാഴ്ച്ചപ്പാട്

എല്ലാ ക്ലാസുകളും ഹൈടെക്കും, ശിശുസൗഹൃദവുമാക്കി കുട്ടികളെ ക്ലാസ്സ് റൂമുകളിലേക്ക് ആകർഷിക്കുന്നതിനും കാര്യങ്ങൾ കണ്ടും കേട്ടും മനസ്സിലാക്കുന്നതിനും സാഹചര്യം ഒരുക്കുന്നു. ഗണിത രൂപത്തിലുള്ള ക്ലാസ്സ് ഉപകരണങ്ങൾ നിർമ്മിക്കുന്നതിലൂടെ കുട്ടികളിൽ ഗണിത താല്പര്യം വളർത്തുന്നു. കെട്ടിടം ചിത്രങ്ങൾ വരച്ച് മനോഹരമാക്കുന്നതിലൂടെ കുട്ടികളെ സ്കൂളുകളിലേക്ക് ആകർഷിക്കുന്നു. ഹിന്ദി പഠനത്തിനും, ഇംഗ്ലീഷ് പഠനത്തിനും ഉതകുന്ന റേഡിയോ ലാബ്, വീഡിയോ ലാബ്, പൂന്തോട്ടം, പച്ചക്കറിത്തോട്ടം, ജൈവ വൈവിധ്യ പാർക്ക്, വെയ്സ്റ്റ്ബിൻ, ബയോഗ്യാസ് പ്ലാന്റ്, ശലഭോദ്യാനം, കുടിവെള്ള സൗകര്യം തുടങ്ങിയവ നിർമ്മിക്കുന്നതിലൂടെ പാരിസ്ഥിതിക അവബോധം, ശുചിത്വം എന്നിവയിൽ കുട്ടികൾക്ക് അവബോധം ഉണ്ടാകുന്നതിന് ലക്ഷ്യമിടുന്നു.

എല്ലാ വിഷയങ്ങൾക്കും പ്രത്യേകലാബ് സജ്ജീകരിക്കുന്നതിലൂടെ കുട്ടികൾക്ക് ഓരോ വിഷയങ്ങളും അനായാസം കൈകാര്യം ചെയ്യുന്നതിലും കൂടുതൽ താൽപര്യം വിഷയങ്ങളിൽ ഉണ്ടാകുന്നതിനും സാധിക്കുന്നു. Reference പുസ്തകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ലൈബ്രറി ഞങ്ങളുടെ സ്വപ്നമാണ്. ഇതുവഴി വിഷയങ്ങളോടുള്ള താൽപര്യം വർധിപ്പിക്കാൻ കഴിയുന്നു.

കൃഷി ഭവന്റെ സഹായത്തോടെ ഔഷധ-സസ്യങ്ങൾ ശേഖരിച്ച് ഔഷധത്തോട്ടം തയ്യാറാക്കുന്നു. കുട്ടികളുടെ പിറന്നാൾ ദിനത്തോടനുബന്ധിച്ച്, പിറന്നാൾ ദിനത്തിൽ ഓരോ ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

ലൈബ്രറി സജ്ജീകരണത്തിന്റെ ഭാഗമായി കുട്ടികൾക്കായി ബുക്കുകൾ ക്രമീകരിച്ച് റീഡിംഗ് റൂം ആക്കി സജ്ജീകരിക്കുന്നുണ്ട്.

വെണ്ടി പച്ചക്കൃഷിയുമായി ബന്ധപ്പെട്ട് പൂന്തോട്ടം സജ്ജീകരണത്തിനായി പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു.

## അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് : എൻ.എസ്.എസ്. ഹൈസ്കൂൾ.
2. വിലാസം : ഇടനാട് . പി.ഒ. പുത്തൻകാവ്.
   ചെങ്ങന്നൂർ - 689121
   ആലപ്പുഴ ജില്ല.
3. ഫോൺ : 0479 2451514
4. സ്കൂൾ കോഡ് : 36014
5. വിദ്യാഭ്യാസ ഉപജില്ല : ചെങ്ങന്നൂർ
6. വിദ്യാഭ്യാസ ജില്ല : മാവേലിക്കര
7. റവന്യൂ ജില്ല : ആലപ്പുഴ
8. ബി. ആർ. സി : ചെങ്ങന്നൂർ
9. സി. ആർ. സി : ചെങ്ങന്നൂർ
10. മുനിസിപ്പാലിറ്റി : ചെങ്ങന്നൂർ
11. ബ്ലോക്ക് പഞ്ചായത്ത് : ചെങ്ങന്നൂർ
12. ജില്ലാ പഞ്ചായത്ത് : ആലപ്പുഴ
13. നിയമസഭാ മണ്ഡലം : ചെങ്ങന്നൂർ.
14. ലോക്സഭാ മണ്ഡലം : മാവേലിക്കര
15. താലൂക്ക് : ചെങ്ങന്നൂർ
16. വില്ലേജ് : ചെങ്ങന്നൂർ
17. ഇ-മെയിൽ : nssednad@gmail.com
18. സ്കൂൾ സ്റ്റാഫ്
   ഹെഡ്മിസ്ട്രസ്സ് : ലേഖ. ബി. നായർ
   അധ്യാപകർ : 1. ഗിരിജ. കെ പിള്ള (Physical Science)
   2. ബിന്ദു. ബി (Social Science)
   3. കാർത്തിക. ബി. സി (English)
   4. സന്ധ്യ. എസ്. നായർ (English

5. സ്വാതി റെജികുമാർ (Mathematics)
6. ആതിര. വി (Malayalam)
7. വിനയ. ടി.വി (Hindi)

## അധ്യായം - 4

## നിലവിലെ അവസ്ഥാ വിശകലനം

ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ അതിപ്രസരം നിമിത്തം സ്കൂളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവ് അനുഭവപ്പെടുന്നു. കഴിഞ്ഞ വർഷത്തെ എസ്. എസ്. എൽ.സി പരീക്ഷയിൽ സ്കൂളിന് 100% വിജയം കൈവരിക്കാൻ സാധിച്ചു. 2 ഫുൾ എപ്ലസ് കാരും ഒരു ഒമ്പത് എപ്ലസും എസ്. എസ്. എൽ.സി ബാച്ചിലുണ്ടായിരുന്നു. എസ്. എസ്. എൽ.സി. പരീക്ഷാ വിജയം എടുത്തു പറയേണ്ട ഒന്നു തന്നെയായിരുന്നു. സ്കൂളിലേക്ക് കുട്ടികളെ എത്തിക്കുന്നതിനായി യാത്രാ സൗകര്യവും ക്രമീകരിച്ചിട്ടുണ്ട്. ഈ വർഷം പുതിയതായി 10 കുട്ടികൾ കൂടി സ്കൂളിൽ വന്നു ചേർന്നിരിക്കുന്നു. സ്കൂൾ ശുചിമുറി നവീകരണത്തിന്റെ ഭാഗമായി പെൺകുട്ടികൾക്കും, ആൺകുട്ടികൾക്കും പുതിയ ശുചിമുറികളുടെ നിർമ്മാണം പൂർത്തിയായിരിക്കുന്നു. കൂടാതെ അടുക്കള പുനരുദ്ധാരണവും നടന്നുവരുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി അവരുടെ വായനയും, എഴുത്തും വികസിപ്പിക്കാനായി പ്രത്യേക ഹെൽപ്പിംഗ് ഹാൻഡ് പദ്ധതിയും നടന്നു വരുന്നു.

സ്കൂളിൽ വർഷാരംഭം മുതൽ ക്ലേ

ഈ സ്കൂളിൽ നിലവിൽ ഹെഡ് മിസ്ട്രസ്സ് ഉൾപ്പെടെ രണ്ട് സ്ഥിര അധ്യാപകരും, ദിവസവേതന അടിസ്ഥാനത്തിൽ 6 അധ്യാപകരും ജോലി ചെയ്തു വരുന്നു.

അനധ്യാപകർ ആരും തന്നെ നിലവിൽ ഈ സ്കൂളിൽ ജോലി ചെയ്യുന്നില്ല. കല, കായിക-പ്രവർത്തി പരിചയ മേഖലകളിലുള്ള അധ്യാപകരുടെ കുറവ് കുട്ടികളെ നന്നായി ബാധിക്കുന്നുണ്ട്.

ഇടനാട് N.S.S.H.S.ലെ അധ്യാപകരുടെ പേരുവിവരം, യോഗ്യത, കൈകാര്യം ചെയ്യുന്ന വിഷയം, അധികചുമതല ഇവ രേഖപ്പെടുത്തിയ സൂചനാ പത്രം.

| ക്രമ നമ്പർ | പേര് | യോഗ്യത | കൈകാര്യം ചെയ്യുന്ന വിഷയം | അധികചുമതലകൾ |
|---|---|---|---|---|
| 1. | Girija. k pillai | B.Sc, B.Ed | Physics, chemistry Biology, IT | S/TC, Noonmeal charge, കോപ്പറേറ്റീവ് സൊസൈറ്റി, PTA സ്കൂൾ ബസ്. |
| 2. | Bidhu. B | MA, M.Ed K-Tet-3 | SS, English, IT | Ecoclub ശുചിത്വ മിഷൻ |
| 3. | Karthika. B.C | MA, B.Ed K-Tet-2 | English, S.S, Science, IT | വിമുക്തി, സ്കൂൾ പ്രൊട്ടക്ഷൻ ബഡ്ഡിംഗ് റൈറ്റേഴ്സ് സ്റ്റാഫ് സെക്രട്ടറി |
| 4. | Sandra. S. Nair | M.A, B.Ed K-Tet-3 | English, Malayalam IT | JRC, ശുചിത്വ മിഷൻ |
| 5. | Swathi Rejikumar | MSc, B.Ed Ktet-2&3 SET | Mathematics IT | JRC, Joint SITC |
| 6. | Athira. V | B.A, B.Ed K-Tet-3 | Malayalam | SRG കൺവീനർ ഹെൽപ്പിംഗ് ഹാൻഡ് |
| 7. | Vindhya A.V | MA, B.Ed K-Tet-3 | Hindi | Noon Meal Helping Hand |

## അധ്യായം - 5

## പ്രശ്നങ്ങൾ വെല്ലുവിളികൾ

2018-ലെ പ്രളയം മൂലമുണ്ടായ വെള്ളപ്പൊക്കം സ്കൂൾ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. ബെഞ്ചുകളുടെയും, ക്ലാസ്സ്റൂം സൗകര്യങ്ങളുടെയും, മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളുടെയും പ്രവർത്തന ക്ഷമതയ്ക്ക് വേണ്ട ഫണ്ടുകളുടെ അപര്യാപ്തത സ്കൂൾ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. ഇന്റർനെറ്റ് നെറ്റ്വർക്കിംഗ് സൗകര്യം ലഭ്യമാകാത്തതും പ്രവർത്തന ക്ഷമമല്ലാത്തതും സ്കൂൾ പ്രവർത്തനത്തിന് നേരിടുന്ന മറ്റൊരു വെല്ലുവിളിയാണ്.

നിലവിൽ ഹൈസ്കൂൾ ക്ലാസ്സുകളെല്ലാം ഹൈടെക് ആക്കിയിട്ടുണ്ടെങ്കിലും, യു.പി. ക്ലാസ്സുകളിൽ ഹൈടെക് സംവിധാനമാകാത്തത് പ്രധാന പോരായ്മ തന്നെയാണ്. രക്ഷിതാക്കൾക്ക് നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെ കുറിച്ച് കൃത്യമായ അവബോധം നൽകാത്തതും രക്ഷകർതൃ പരിശീലനത്തിന്റെ അപര്യാപ്തതയും പ്രധാന വെല്ലുവിളികളാണ്.

# അധ്യായം - 6

## പദ്ധതി രൂപീകരണ പ്രക്രിയ

14.06.25 School SRG ചേർന്ന് ഓരോ വിഷയങ്ങളിലും ഉൾപ്പെടുത്തേണ്ട വിഷയങ്ങളെക്കുറിച്ച് ആലോചിച്ചു. പ്രഥമാധ്യാപിക കാര്യങ്ങൾ വിശദീകരിച്ചു. ഓരോ അധ്യായവും ഓരോ ഗ്രൂപ്പിനെ ഏൽപ്പിച്ചു.

20.06.2025 PTA, SMC യോഗം ചേർന്ന് പദ്ധതി രൂപരേഖ ചർച്ച ചെയ്ത് അക്കാദമിക പ്രവർത്തനങ്ങളെക്കുറിച്ചുള്ള പൊതുധാരണകൾ രൂപീകരിച്ചു. പൊതുധാരണകളുടെ അടിസ്ഥാനത്തിൽ SRG കൂടി കരട് പദ്ധതി രൂപരേഖ തയ്യാറാക്കി.

കരട് രൂപരേഖയുടെ പൊതു അവതരണവും നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്ത് അംഗീകരിക്കലും നടന്നു.

25.07.2025 മാവേലിക്കര DIET ൽ നടന്ന പ്രഥമാധ്യാപക ഏകദിന പരിശീലന പരിപാടിയിൽ നിർദ്ദേശങ്ങൾക്കനുസരിച്ച് വിലയിരുത്തി കൂട്ടിച്ചേർക്കലുകൾ നടത്താൻ തീരുമാനിച്ചു.

29.07.2025 കരട് പദ്ധതി രൂപരേഖയ്ക്ക് അന്തിമരൂപം നൽകി.
HM കരട് രൂപരേഖ അവതരിപ്പിച്ചു. അന്തിമ അക്കാദമിക് മാസ്റ്റർപ്ലാൻ DTP ചെയ്ത് തയ്യാറാക്കാൻ തീരുമാനിച്ചു.
പൊതു സമക്ഷം അവതരിപ്പിക്കാൻ തീരുമാനിച്ചു.

# അക്കാദമിക മാസ്റ്റർപ്ലാൻ - മലയാളം

| പദ്ധതി | പ്രവർത്തനം | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| അക്ഷരപഠനം | 1. പ്രീ-ടെസ്റ്റ്<br>2. അക്ഷര മാപ്പിങ്ങ്<br>3. ചിഹ്നപഠനം<br>4. കൂട്ടക്ഷരങ്ങളും ചില്ലക്ഷരങ്ങളും ചേർന്ന വാക്കുകൾ കണ്ടെത്തൽ<br>5. ചിഹ്നങ്ങൾ ചേർന്ന വാക്കുകൾ കണ്ടെത്തൽ | 2 മാസം | പുസ്തകങ്ങൾ | മലയാളം അധ്യാപിക. |
| വായന<br>ദിനപത്രവായന<br>സംവാദങ്ങൾ<br>പ്രസംഗം | 1. വായനാവേളകൾ സംഘടിപ്പിക്കൽ<br>2. വായനാമൂല, വായനക്കുറിപ്പ് അവതരണം<br>3. ദിനപത്ര വായന റിപ്പോർട്ട് തയ്യാറാക്കൽ / അവതരണം<br>4. വിഷയസംബന്ധിയായ ദൈനംദിന ക്ലാസ്സിലും സംവാദങ്ങൾ, പ്രസംഗങ്ങൾ<br>5. കാവ്യകേളി കവിത ഈണത്തിൽ ചൊല്ലൽ<br>6. ലൈബ്രറി നവീകരണം. | വർഷം മുഴുവൻ | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, ദിനപത്രങ്ങൾ ഇന്റർനെറ്റ് കമ്പ്യൂട്ടർ | മലയാളം അധ്യാപിക<br>വിദ്യാരംഗം. |

| | | | | |
|---|---|---|---|---|
| | 7. ദിനാചരണങ്ങൾ<br>8. വായനാമത്സരങ്ങൾ<br>9. ക്വിസ് മത്സരങ്ങൾ | | | |
| എഴുത്ത് | 1. കോപ്പിയെഴുത്ത്<br>2. വായനാക്കുറിപ്പ് പതിപ്പ്<br>3. സാഹിത്യകാരന്മാരെക്കുറിച്ചുള്ള പഠനം<br>4. ഭാഷാ പ്രോജക്ട്<br>5. സമകാലികസംഭവങ്ങളെ വിഷയമാക്കി ഉപന്യാസം തയ്യാറാക്കൽ | വർഷം മുഴുവൻ | പുസ്തകങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ഇന്റർനെറ്റ് | മലയാളം അധ്യാപിക. |
| നിഘണ്ടു പഠനം | 1. അപരിചിതമായ വാക്കുകൾ കണ്ടെത്തൽ<br>2. അർത്ഥം കണ്ടെത്തൽ<br>3. അക്ഷരമാല ക്രമം<br>4. പര്യായപദങ്ങൾ പതിപ്പ്<br>5. നിഘണ്ടു നിർമ്മാണം (പാഠഭാഗം)<br>6. നിഘണ്ടു പഠനം<br>7. ഉച്ചാരണം. | 6 മാസം | നിഘണ്ടു<br>ഭാഷാനിഘണ്ടു | മലയാളം അധ്യാപിക. |
| ഭാഷാ കളികൾ | 1. ചിഹ്നപഠനം<br>2. പദസൂര്യൻ നിർമ്മാണം<br>3. വായനാമത്സരങ്ങൾ | ഉച്ചഭക്ഷണ ഇടവേളകൾ | പുസ്തകം<br>കോപ്പിബുക്ക് | മലയാളം അധ്യാപിക. |

| അക്കാദമിക മാസ്റ്റർ പ്ലാൻ - സാമൂഹ്യശാസ്ത്രം | | | |
|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളെ കുറിച്ച് പഠിതാക്കൾക്ക് അവബോധം നൽകുക | പഠനയാത്ര (ഫീൽഡ് ട്രിപ്പ്) | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപിക |
| പൗരബോധം മൂല്യബോധം എന്നിവ വളർത്തുക | സ്കൂൾ പാർലമെന്റ് | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | അധ്യാപകർ |
| ഓരോ പ്രത്യേക ദിനങ്ങളുടെയും പ്രാധാന്യവും അവ ആഘോഷിക്കേണ്ടതിന്റെ പ്രാധാന്യം എന്നിവയെ കുറിച്ച് ധാരണ രൂപപ്പെടുത്തുക. | ദിനാചരണങ്ങൾ | അക്കാദമിക വർഷം മുഴുവൻ | അധ്യാപകർ |
| സാമൂഹിക ശാസ്ത്രത്തിൽ ചരിത്രപര നിരീക്ഷണങ്ങൾ വളർത്തുന്നു. | സ്റ്റാർട്ട് അപ്പ് (സാമൂഹിക ശാസ്ത്ര ലാബ്) | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപിക. |
| മതേതരത്വം, സഹിഷ്ണുത ക്രിയാത്മകത എന്നിവ വളർത്തുക | സർവ്വേ, പ്രോജക്ട് ചർച്ചകൾ, സംവാദം സെമിനാറുകൾ അഭിമുഖങ്ങൾ | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപിക. |

| | | | |
|---|---|---|---|
| സ്ഥലനിർണ്ണയം, സമയനിർണ്ണയം ഭൂമിശാസ്ത്രപരമായ സവിശേഷതകൾ എന്നിവ പഠിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നു. | ഭൂപട നിർമ്മാണം. വായന ഗ്ലോബ്, മാപ്പുകൾ, അറ്റ്ലസ് | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപിക. |
| കുട്ടികളിൽ ചരിത്ര അവബോധം വളർത്തുവാൻ ചരിത്ര സിനിമകൾ, ഡോക്യുമെന്ററികൾ എന്നിവയുടെ പ്രദർശനം | My Cinema Room | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപിക. |
| കാട്, മണ്ണ്, പർവ്വതങ്ങൾ, ജലാശയങ്ങൾ ആകാശം എന്നിവയുടെ പ്രത്യേകതകൾ കണ്ടും കേട്ടും പഠിക്കുന്നതിന് വേണ്ടി | ധരാതലീയം | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപിക. |
| കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുന്നതിന്റെ ഭാഗമായി ക്വിസ്, പ്രശ്നോത്തരി എന്നിവയെക്കുറിച്ച് ധാരണയിൽ എത്തിക്കുക | അറിവിന്റെ ജാലകം | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപിക. |
| സാമൂഹ്യശാസ്ത്രത്തിൽ വിനോദം നിൽക്കുന്ന പഠനങ്ങളെ സഹായിക്കുന്നതിലായി | വയൽക്കിളികൾ (പിന്തുണ നൽകൽ) | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപിക. |

| | | | |
|---|---|---|---|
| പാഠപുസ്തകത്തിലെ അധ്യായങ്ങളിൽ പറഞ്ഞിട്ടുള്ള വ്യക്തികൾ, ചരിത്ര സ്മാരകങ്ങൾ ഭൗമ സവിശേഷതകൾ എന്നിവയുടെ ഡിജിറ്റൽ ആൽബം തയ്യാറാക്കുക | ഡിജിറ്റൽ ആൽബം | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപിക. |
| പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു. | സോഷ്യൽസയൻസ് ഫെസ്റ്റ് | പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപിക. |
| ആധുനികകാലത്ത് മാറുന്ന കാലാവസ്ഥയും അതിന്റെ പ്രത്യാഘാതങ്ങളും മനസ്സിലാക്കാൻ ICT, വാർത്താമാധ്യമങ്ങൾ എന്നിവയുടെ സഹായത്തോടെ അവബോധം വളർത്തുന്നു. | ദിനാവസ്ഥയിലൂടെ | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപിക. |

## അക്കാദമിക മാസ്റ്റർപ്ലാൻ - ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർപ്രവർത്തനം | അധ്യാപകർ | |
| അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ്സ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ പാഠാസൂത്രണം എന്നിവ കൂടിയ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | തുടർപ്രവർത്തനം | അധ്യാപകർ | |
| ഗണിത മത്സരവേദിയിലേക്ക്, മേളകളിൽ ഉൾക്കുശലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ഗണിത ക്ലബ്ബ് അധ്യാപകർ | 500/- |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ചു ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | അക്കാദമികവർഷത്തിൽ ഒന്ന് | അധ്യാപകർ | 1000/- |

# അക്കാദമിക മാസ്റ്റർപ്ലാൻ - ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തിയെടുക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ചെറു-പരീക്ഷണങ്ങൾ ചെയ്യുക, പ്രശസ്ത ശാസ്ത്രജ്ഞന്മാരുടെ സംഭാവനകൾ കുറിപ്പ് തയ്യാറാക്കുക, ഫോസിലുകളുടെ നിർമ്മാണം. | വർഷം മുഴുവൻ | സയൻസ് അധ്യാപിക |
| ശാസ്ത്രാവബോധം വായനാശീലം ശാസ്ത്ര ലാബ് നവീകരണം | ശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിച്ച് വായനക്കുറിപ്പ് തയ്യാറാക്കുക. ശാസ്ത്ര ദിനാചരണങ്ങൾ നടത്തുന്നു. | വർഷം മുഴുവൻ | ശാസ്ത്ര അധ്യാപിക. |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ ഉദ്ദ സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ | വർഷം മുഴുവൻ. | ശാസ്ത്ര അധ്യാപിക. |

# അക്കാദമിക മാസ്റ്റർപ്ലാൻ - ഹിന്ദി

| പദ്ധതി | പ്രവർത്തനം | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളങ്ങൾ, ചിഹ്നങ്ങൾ ഇവ ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്യങ്ങളുടെ കാർഡ് നൽകൽ<br>6. വാക്യങ്ങൾ നിർമ്മിക്കൽ<br>7. ബാലകഥകൾ വായിക്കൽ | 3 മാസം | പുസ്തകങ്ങൾ | ഹിന്ദി അധ്യാപിക. |
| വായനാക്കൂട്ടം | നിഘണ്ടു തയാറാക്കൽ<br>1. ഗ്രൂപ്പ് തിരിച്ച് ക്ലാസ്സിൽ വായിക്കാൻ പ്രേരിപ്പിക്കുന്നു, വായിപ്പിക്കുന്നു.<br>2. സ്കൂൾ ലൈബ്രറിയിൽ കൂടുതൽ ഹിന്ദി പുസ്തകങ്ങൾ ശേഖരിക്കൽ<br>3. വായനാനുഭവം പങ്കുവയ്ക്കൽ<br>4. വായനാക്കുറിപ്പ് തയ്യാറാക്കൽ | 1 വർഷം | ക്ലാസ്സ് ലൈബ്രറി | ഹിന്ദി അധ്യാപിക |
| | ഹിന്ദി പദപ്രശ്നം പൂർത്തീകരിക്കൽ | 1 മാസം | | ഹിന്ദി അധ്യാപിക. |

| | | | | |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉപയോഗിക്കുക. | 1. ഹിന്ദി ക്ലാസ്സിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക. 2. കുട്ടികളെ ചെറു ചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുന്നു | ആവശ്യാനുസരിച്ച് | | ഹിന്ദി അധ്യാപിക. |
| ഹിന്ദി സംസാരിക്കൽ | 1. ക്ലാസ്സിൽ പരസ്പരം 2. അധ്യാപികയോട് | 1 വർഷം | ക്ലാസ്സ് സമൂഹം | ഹിന്ദി അധ്യാപിക. |
| | | | | |

| അക്കാദമിക് മാസ്റ്റർപ്ലാൻ - ഇംഗ്ലീഷ് | |
|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ |
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | • ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു.<br>• ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു.<br>• ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്തത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ ഉച്ചാരണം നൽകുന്നു.<br>• ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | വ്യത്യസ്ത കാലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു.<br>ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the month-നെ ആദരിക്കുന്നു. |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ്സ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു.<br>സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | കഥ പറയൽ, കഥയെഴുതൽ, റോൾ പ്ലേ, നാടകം എന്നിവ നടത്തുന്നു. |

## പ്രതീക്ഷിത നേട്ടങ്ങൾ

ജൈവവൈവിധ്യ ഉദ്യാനത്തോട് കൂടിയ ക്യാമ്പസ്, ഔഷധ സസ്യത്തോട്ടം, പൂന്തോട്ടം, ഹൈടെക്കായി മാറിയ ക്ലാസ്സ് മുറികൾ, അടുക്കള പുനരുദ്ധാരണം, കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്, പഠനശേഷി നേടിയ വിദ്യാർത്ഥികൾ, SHE-TOILET, Lab, Library നവീകരണം, കളിസ്ഥലം, കായിക പരിശീലനത്തിനായുള്ള ഉപകരണങ്ങൾ, കായികാധ്യാപകരുടെ സേവനം, ഒരു വർഷം കൊണ്ട് പൂർത്തിയാകുന്ന പ്രോജക്ടുകൾ കുട്ടികൾക്ക് നൽകി റിപ്പോർട്ടുകൾ രക്ഷിതാക്കളെ കൂടി ബോധ്യപ്പെടുത്താൻ ഉദ്ദേശിക്കുന്നു ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി ജനപ്രതിനിധികളുടെയും PTA യുടെയും സഹകരണം ഉണ്ടാകാൻ ഉദ്ദേശിക്കുന്നു.

# ഉപസംഹാരം

ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക അക്കാദമിക മികവിന് ഉപകരിക്കും വിധത്തിൽ ദീർഘകാലവീക്ഷണത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക, അധ്യാപനവും അധ്യയനവും സർഗ്ഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കും വിധം വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തയ്യാറാക്കിയ ഈ വികസനരേഖ ഉപകരിക്കും എന്ന് പ്രതീക്ഷിക്കുന്നു.